തീർക്കുന്നതിനാണ് വിനിയോഗിക്കുന്നത്. കൂടാതെ കുടിശ്ശിക തീർക്കുന്നത് ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഒന്നാമത് ഉപധനാഭ്യർത്ഥനയിൽ 160 കോടി രൂപ ഈ ആവശ്യത്തിന് വകയിരുത്തിയിട്ടുണ്ട്.

15 (303) നികുതി പിരിവ് ഊർജ്ജിതമാക്കാനും നികുതി വെട്ടിപ്പ് തടയാനും നടപടി

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. ആന്റണി രാജു :

ഡോ. കെ.സി. ജോസഫ് :

ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിൽപ്പന നികുതി, കാർഷികാദായ നികുതി എന്നിവയുടെ പിരിവ് ഈ സാമ്പത്തിക വർഷം മുൻ വർഷത്തെക്കാൾ കുറവായിരുന്നുവോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലയിലാണ് ഈ കുറവ് അനുഭവപ്പെട്ടത്;

(സി) ഇപ്രകാരം നികുതി പിരിവിൽ കുറവുണ്ടാകാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ഇപ്രകാരമുള്ള കുറവു തടയുന്നതിന് എന്തു നടപടി സ്വീകരിച്ചു;

(ഇ) നികുതി പിരിവ് ഊർജ്ജിതമാക്കുവാനും നികുതി തട്ടിപ്പ് തടയുവാനും കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പിരിവ് മുൻവർഷത്തെക്കാൾ കൂടുതലായിരുന്നു. 30.11.1999 വരെ വിൽപ്പന നികുതിയിനത്തിൽ 2090.36 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 6.25 കോടി രൂപയും പിരിഞ്ഞുകിട്ടിയിട്ടുണ്ട്. കഴിഞ്ഞ വർഷം (30.11.1998) ഇത് യഥാക്രമം 1853.30 കോടി രൂപയും 3.34 കോടി രൂപയും ആയിരുന്നു.

(ബി)(സി)&(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

16 (304) ഏകീകൃത വിൽപ്പന നികുതി സമ്പ്രദായം

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യമൊട്ടാകെ ഏകീകൃത വിൽപ്പന നികുതി സമ്പ്രദായം ഏർപ്പെടുത്താനുള്ള കേന്ദ്രഗവൺമെന്റ് പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും ഇത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ എപ്രകാരം ബാധിക്കുമെന്നും വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപ്പുവർഷം ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരമനുസരിച്ച് നികുതി പിരിവിന്റെ പുരോഗതി എത്ര ശതമാനമാണ്; ലക്ഷ്യമിട്ട തുകയും പിരിച്ചെടുത്ത തുകയും വകുപ്പ് അടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) ബഡ്ജറ്റിൽ വിഭാവനം ചെയ്തതിൽനിന്നും വ്യത്യസ്തമായി ഏതെങ്കിലും തരത്തിൽ അധികനികുതി വരവ് ലഭിക്കുന്നതിനിടയായിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 16/11/99-ൽ ന്യൂഡൽഹിയിൽ വച്ചു ചേർന്ന സംസ്ഥാന മുഖ്യമന്ത്രിമാരുടെയും ധനമന്ത്രിമാരുടെയും യോഗത്തിൽ 1/1/2000 മുതൽ രാജ്യമൊട്ടാകെ ബാധകമായ തരത്തിൽ നികുതി നിരക്കുകളിൽ ഏകീകൃത ഫ്ളോർ റേറ്റുകൾ (Uniform floor rate) ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ എങ്ങനെ ബാധിക്കുമെന്നുള്ള കാര്യം പരിശോധിച്ചുവരുന്നു.

(ബി) 30/11/99-ലെ കണക്ക് ചുവടെ ചേർക്കുന്നു.

വിൽപ്പന നികുതി പിരിവ്	-	2090 കോടി
വിൽപ്പന നികുതി ടാർജറ്റ്	-	2745 കോടി
കാർഷികാദായ നികുതി പിരിവ്	-	6.25 കോടി
കാർഷികാദായ ടാർജറ്റ്	-	20 കോടി

(സി) ഇല്ല.

17 (305) സെയിൽസ് ടാക്സ് കളക്ഷൻ

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000- മാണ്ടിൽ 1999 ജൂൺ 30, സെപ്റ്റംബർ 30, നവംബർ 30 എന്നീ തീയതികളിൽ യഥാക്രമം എന്തു തുക വീതം സെയിൽസ് ടാക്സ് കളക്ഷൻ നടത്തണമെന്നാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) ഓരോ തീയതിയിലും എത്ര വീതം ഇങ്ങനെ കളക്ട് ചെയ്തു;

(സി) മുൻ വർഷം ഈ ഓരോ കാലഘട്ടത്തിലും സെയിൽസ് ടാക്സ് ഇനത്തിൽ എന്തു തുക വീതം കളക്ട് ചെയ്യണമെന്നു ലക്ഷ്യമിട്ടിരുന്നു;

(ഡി) എന്തു തുകവീതം കളക്ട് ചെയ്തു;

(ഇ) മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം മേൽപ്പറഞ്ഞ തീയതികളിൽ സെയിൽസ് ടാക്സ് കളക്ഷനിൽ കുറവു വന്നിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly